പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2376 12.03.2020-ൽ മറുപടിയ്ക്ക്.

## അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കേരള വനം വകുപ്പ് നബാർഡിന്റെ ധനസഹായത്തോടെ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്ന അലിമുക്ക്-അച്ചൻകോവിൽ റോഡ് എത്ര റീച്ചുകളായാണ് പ്രവൃത്തി കരാർ നൽകിയിട്ടുള്ളതെന്നും, ഇതിൽ ഓരോ റീച്ചിനും ഉള്ള ദൂരം, വകയിരുത്തിയിട്ടുള്ള തുക, കരാറുകാരന്റെ പേരുവിവരം എന്നിവ യഥാക്രമം വിശദമാക്കുമോ; | (എ) | കേരള വനം വകുപ്പ്, നബാർഡിന്റെ ധനസഹായ ത്തോടെ, പുനരുദ്ധാരണ പ്രവൃത്തി നടത്തുന്ന അലിമുക്ക്-അച്ചൻകോവിൽ റോഡിന് മൂന്ന് റീച്ചുകളായാണ് പ്രവൃത്തി കരാർ നൽകിയിട്ടുള്ളത്. |

| ഡിവിഷൻ | ദൂരം | വകയിരുത്തിയിട്ടുള്ള തുക | കരാറുകാരന്റെ പേരു വിവരം |
|---|---|---|---|
| അച്ചൻ കോവിൽ | 5.25 കി.മീ (ചിറ്റാർ പാലം മുതൽ അച്ചൻ കോവിൽ ക്ഷേത്രം ജംഗ്ഷൻ വരെ) | 285 ലക്ഷം | ശ്രീ.സദാശിവൻ പിള്ള (എ ക്ലാസ് ഗവ. കോൺട്രാക്ടർ), ഉഷസ് ഹൗസ്, ഇടമൺ, പുനലൂർ, കൊല്ലം - 691 307. |
| പുനലൂർ | 8 കി.മീ. (12/00 മുതൽ 20/00 വരെ) | 387.45 ലക്ഷം | ശ്രീ.സദാശിവൻ പിള്ള (എ ക്ലാസ് ഗവ. കോൺട്രാക്ടർ), ഉഷസ് ഹൗസ്, ഇടമൺ, പുനലൂർ, കൊല്ലം - 691 307. |
| കോന്നി | 12 കി.മീ. (കോന്നി ഡിവിഷൻ പരിധി) | 7.44 കോടി | M/s. ഗ്രീൻവർത്ത് ഇൻഫ്രാസ്ട്രക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബിൽഡിംഗ് നം.42/3075, സാമ്യ നഗർ, ആലുംചുവട്, ഇടപ്പള്ളി, കൊച്ചി. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഓരോ റീച്ചിലെയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ, പ്രവൃത്തിയുടെ പുരോഗതി, എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നിവ യഥാക്രമം വിശദമാക്കുമോ; | (ബി) | പുനലൂർ ഡിവിഷന്റെ പരിധിയിലുള്ള റീച്ചിന്റെ ടാറിംഗ് ഒഴികെയുള്ള ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി ജോലിയുടെ നടത്തിപ്പും സൂപ്പർവിഷനും പി.ഡബ്ല്യൂ.ഡി. പുനലൂർ സബ്ഡിവിഷന്റെ ചുമതലയിലാണ് നടന്നുവരുന്നത്. ജോലികൾ എത്രയും വേഗം പൂർത്തിയാക്കാൻ കരാറുകാരനും പി.ഡബ്ല്യൂ.ഡി.-യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടാറിംഗ് ജോലികൾ എത്രയും വേഗം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കോന്നി ഡിവിഷന്റെ പരിധിയിലുള്ള റീച്ചിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവൃത്തികളിൽ തുറ പാലത്തിന്റെ നിർമ്മാണവും മെറ്റലിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. 31/03/2020-ന് മുമ്പ് ജോലികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>അച്ചൻകോവിൽ ഡിവിഷന്റെ പരിധിയിലുള്ള റീച്ചിൽ ചിറ്റാർ പാലം മുതൽ അച്ചൻകോവിൽ ക്ഷേത്രം ജംഗ്ഷൻ വരെയുള്ള 5.25 കി. മീ. ദൂരത്തിലുള്ള റോഡിന്റെ ഉപരിതലത്തിലുള്ള പഴയ ടാറിംഗ് ഇളക്കി മാറ്റിയതിന് ശേഷം 4 0 എം.എം. കനമുള്ള മെറ്റൽ ഉപയോഗിച്ച് ലെയറിംഗ് നടത്തിയിട്ടുണ്ട്. മെയ് മാസം അവസാനത്തോടെ ജോലികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | യഥാവിധി ജോലി നിർവ്വഹിക്കാതെ കരാറുകാരൻ പണി നിർത്തിയതിനെ തുടർന്ന് ഇളകി കിടക്കുന്ന മെറ്റലിൽ തെന്നി വാഹനങ്ങൾ മറിഞ്ഞും, നിരന്തരമായി പാറപ്പൊടി ശ്വസിച്ചും പ്രദേശവാസികളും യാത്രക്കാരും അനുഭവിക്കുന്ന ദുരിതം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | പരാതികളൊന്നും തന്നെ രേഖാമൂലം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ